(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഴയ 2 കാറുകൾ ലേലം ചെയ്തശേഷം പുതിയ 2 കാറുകൾ വാങ്ങിയിട്ടുണ്ട്.

(ജി) ലഭിച്ചിരുന്നില്ല.

(എച്ച്) 14,81,780 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഐ) ഇല്ല.

(ജെ) ബാധകമല്ല.

പിന്നോക്ക വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് നൽകുന്ന വായ്പാ പദ്ധതികൾ

123 [3270] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് നൽകി വന്നിരുന്ന വായ്പാ പദ്ധതികൾ നിർത്തിവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ്;

(സി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (എൻ.എം.ഡി.എഫ്.സി.) സാമ്പത്തിക സഹായത്തോടെയാണ് മതന്യൂനപക്ഷങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത്. ടി ഫണ്ടിന്റെ അഭാവത്താൽ വായ്പാ പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് വായ്പ നൽകുന്നത് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ സഹായത്താലാണ്. സംസ്ഥാന സർക്കാർ ദേശീയ കോർപ്പറേഷനിലേക്ക് ഓഹരി മൂലധനമായി നൽകുന്ന തുകയ്ക്ക് ആനുപാതികമായിട്ടാണ് വായ്പാ തുക സംസ്ഥാന കോർപ്പറേഷന് ലഭ്യമാകുന്നത്. സംസ്ഥാന സർക്കാരിന്റെ ഓഹരി നിക്ഷേപം ദേശീയ കോർപ്പറേഷന് ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ഓഹരി നിക്ഷേപം ദേശീയ കോർപ്പറേഷന് ലഭിക്കുന്ന മുറയ്ക്ക് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ സഹായം ലഭ്യമാകുന്നതും തുടർന്ന് മതന്യൂനപക്ഷങ്ങൾക്ക് വായ്പകൾ നൽകുന്നതുമാണ്.

പിന്നോക്ക വികസന കോർപ്പറേഷൻ വഴിയുള്ള വായ്പ

124 [3271] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻവഴി 2002-2003 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയ്ക്കായി പിന്നോക്ക വികസന കോർപ്പറേഷൻ എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ആവശ്യമായ ഫണ്ടും ജീവനക്കാരേയും അനുവദിച്ചിട്ടുണ്ടോ;

(ഡി) ഫണ്ടിന്റെ കാര്യത്തിലും ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലും കാസർഗോഡ് ജില്ല പിന്നോക്കാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി 2002-03 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം
തിരുവനന്തപുരം	381.03	908
കൊല്ലം	447.42	1123
പത്തനംതിട്ട	307.95	712
ആലപ്പുഴ	509.13	1414
കോട്ടയം	335.58	921
ഇടുക്കി	316.71	743
എറണാകുളം	295.30	742
തൃശ്ശൂർ	296.46	739
പാലക്കാട്	538.14	1472
മലപ്പുറം	370.01	871
കോഴിക്കോട്	360.88	921
വയനാട്	310.45	843
കണ്ണൂർ	464.01	1169
കാസർഗോഡ്	319.08	781

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ 7 സ്ഥിരം ജീവനക്കാർ ജോലി നോക്കുന്നുണ്ട്. കൂടാതെ ആവശ്യഘട്ടങ്ങളിൽ ദിവസക്കൂലി ജീവനക്കാരുടെ സേവനവും ലഭ്യമാക്കിവരുന്നുണ്ട്.

ഫണ്ടിന്റെ കാര്യത്തിലും വായ്പ നൽകിയ കാര്യത്തിലും കാസർഗോഡ് ജില്ല പിറകിലല്ല. 14 ജില്ലകളിൽ കാസർഗോഡ് ജില്ല ഫണ്ട് വിനിയോഗത്തിൽ 9-ാം സ്ഥാനത്തും ഗുണഭോക്താക്കളുടെ എണ്ണത്തിൽ 10-ാം സ്ഥാനത്തുമാണ്.

LIBRARY ARCHIVES Kerala Legislative Assembly